പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 25.06.2014- ൽ മറുപടിക്ക്
നം. 4006

## ഹോട്ടലുകളിലെയും തട്ടുകടകളിലെയും ശുചിത്വപരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വൈപ്പിൻ മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിലെ ബേക്കറികളിലും ഹോട്ടലുകളിലും 2014 ജനുവരിക്ക്ശേഷം ആരോഗ്യവകുപ്പ് അധികൃതർ എത്ര പരിശോധനകൾ നടത്തിയെന്നും സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | എ) | 14 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ഒരു സ്ഥാപനം അടച്ചുപൂട്ടി മാനദണ്ഡങ്ങൾ പാലിക്കാത്ത 11 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. 4 സ്ഥാപനങ്ങളിൽ നിന്നായി 21000 രൂപ പിഴ ചുമത്തി. അടച്ചുപൂട്ടിയ സ്ഥാപനം പുനർ പരിശോധനയിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് കണ്ടെതിനാൽ തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകി. |
| ബി) | ബേക്കറികളിലും ഹോട്ടലുകളിലും ഭക്ഷണം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും നിയോഗിച്ചിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | ബി) | പരിശോധന സമയത്ത്, എല്ലാ ജീവനക്കാർക്കും മെഡിക്കൽ സർട്ടിഫിക്കറ്റ് എടുക്കണമെന്നും കോപ്പി ഹാജരാക്കണമെന്നും നിർദ്ദേശിച്ച് നോട്ടീസ് നൽകുന്നു. ഫുഡ് സേഫ്റ്റി ലൈസൻസിനും, രജിസ്ട്രേഷനും അപേക്ഷ സ്വീകരിക്കുമ്പോൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ലൈസൻസും, രജിസ്ട്രേഷനും നൽകുകയുള്ളൂ. |
| സി) | മണ്ഡലത്തിലെ തട്ടുകടകളിലെ ശുചിത്വ പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്നും 2014 ജനുവരിക്ക് ശേഷം ആരോഗ്യവകുപ്പ് അധികൃതർ നടത്തിയ പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ? | സി) | തട്ടുകടകളുടെ ശുചിത്വപരിപാലനത്തിന് ഫുഡ് സേഫ്റ്റി ഓഫീസർമാർ സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ